ആലപ്പുഴ ജില്ലയിലെ ആശുപത്രികളുടെ വികസനത്തിനായി നടപടി

17 (6167) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിലെ ആശുപത്രികളുടെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ജില്ലയിൽ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിലായി എത്ര തസ്തികകൾ ഒഴിവുണ്ട് ;

(സി) ജില്ലയിലെ വിവിധ പി. എച്ച്. സി. കളിലായി എത്ര ഐ. പി. ബ്ലോക്കുകൾ പ്രവർത്തനസജ്ജമാകാനുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) മന്ത്രുരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ചേർത്തല താലൂക്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ; ഈ സംവിധാനം നിലവിൽ പര്യാപ്തമാണോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾ ഭാഗികമായി ജനറൽ ആശുപത്രിക്ക് വിട്ടുകൊടുത്തു. ജനറൽ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ബെഡ്ഡുകളുടെ എണ്ണം 174-ൽ നിന്നും 400 ആയി ഉയർത്തി. അതിനോടനുബന്ധിച്ച് 5 ഡോക്ടർമാരുൾപ്പെടെ 46 അധിക തസ്തികകൾ അനുവദിച്ചു. ഒരു കോടി എഴുപത്തിയേഴു ലക്ഷം രൂപയുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുണ്ട്. നൂറനാട് വെപ്രസി സാനിട്ടോറിയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചുറ്റുമതിൽ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ഓപ്പറേഷൻ തിയേറ്റർ കെട്ടിടം, വെപ്രസി ഒ.പി. കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവ പുതുക്കിപണിയുന്നതിന് എസ്റ്റിമേറ്റ് എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ ഡബ്ല്യു ആന്റ് സി.യിൽ 3 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ സുനാമി ഫണ്ടിലൂടെ നടപ്പിലാക്കി. മാവേലിക്കര താലൂക്ക് ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി 100 കിടക്കകളുള്ള പുതിയ ബ്ലോക്ക് നിർമ്മിക്കുകയും അതിനോടനുബന്ധിച്ച് 247 കിടക്കകളുടെ എണ്ണം 347 ആയി ഉയർത്തുകയും ഉണ്ടായി. അതിലേയ്ക്കായി 31 അധിക തസ്തികകൾ കൂടി അനുവദിച്ചിട്ടുണ്ട്. ഹരിപ്പാട് താലൂക്കാശുപത്രിയിൽ പുതിയ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിച്ച് തുടങ്ങി. കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ പുതിയ ഒ. പി. ബിൽഡിംഗ് പ്രവർത്തനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഡിക്കൽ കോളേജ് പൂർണ്ണമായി വണ്ടാനത്തേയ്ക്ക് മാറ്റി സഹകരിച്ചു. മെഡിക്കൽ കോളേജിൽ കാത്ത് വാബ് സഹകരിച്ചു. 2164.31 വക്ഷം രൂപയുടെ നബാർഡ് സഹായം ആലപ്പുഴ മെഡിക്കൽ കോളേജിന് വഭിച്ചു. ന്യൂറോ സർജറി വിഭാഗത്തിന് പുതിയ വെന്റിലേറ്റർ വാങ്ങി. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന് പുതിയ പോർട്ടബിൾ എക്സ്റേ യൂണിറ്റും ട്രോമാകെയർ യൂണിറ്റിന് പുതിയ എക്സ്റേ യൂണിറ്റും വാങ്ങി. അനസ്തേഷ്യാ വിഭാഗത്തിന് ഡിസ് ഇൻഫെക്ടന്റ് സ്റ്റെറിലൈസർ വാങ്ങിച്ചു.

(ബി) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിൽ താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്.

മെഡിക്കൽ ഓഫീസർ	....	54
ജില്ലാ നേഴ്സിംഗ് ഓഫീസർ	....	1
നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1	....	1
നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2	....	4
സ്റ്റോർ സൂപ്രണ്ട്	....	1
നേഴ്സിംഗ് ട്യൂട്ടർ	....	5
ബി. ബി. റ്റി.	....	5
ഹെഡ് നേഴ്സ്	....	33
സ്റ്റാഫ് നേഴ്സ്	....	5

ആലപ്പുഴ മെഡിക്കൽ കോളേജിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ഒഴിവുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.

1. ഡോക്ടർ	....	അൻപതോളം
2. നേഴ്സ്	....	13
3. പാരാമെഡിക്കൽ സ്റ്റാഫ്	....	11

(സി) ഐ. പി. പ്രവർത്തിക്കാതിരിക്കുന്ന ഒൻപത് (24 X 7) പി. എച്ച്.സി. കളിൽ ഐ. പി. പ്രവർത്തനസജ്ജമാക്കാനുണ്ട്.

(ഡി) ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ കീഴിൽ ഒരു ഫീൽഡ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. മന്തുരോഗ നിവാരണ പ്രവർത്തനങ്ങൾ, ഉറവിട നശീകരണം, ഫോഗിംഗ് എന്നിവയും രാത്രികാല രക്ത പരിശോധന ആഴ്ചയിൽ രണ്ടുദിവസവും നടത്തി വരുന്നുണ്ട്. വർഷത്തിലൊരിക്കൽ ഡി.ഇ.സി. ആൽബന്റസോൾ ഗുളികകൾ രോഗനിർമ്മാർജ്ജനത്തിനായി കൊടുക്കുന്നുണ്ട്. നിലവിൽ ഈ സംവിധാനം തികച്ചും പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly